**കേരള സർക്കാർ**
**സംഗ്രഹം**

വനം-വന്യജീവി വകുപ്പ് - ആനക്കയം ജലവൈദ്യുത പദ്ധതി പ്രദേശത്തെ മരങ്ങൾ അടച്ചു വിൽപ്പന നടത്തുന്നതിന് അനുവദിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

---------------------------------------------------------------------------------------

വനം - വന്യജീവി (--) വകുപ്പ്

ജി.ഒ. (ആർ റ്റി) 6/2001/വനം.. തിരുവനന്തപുരം, തീയതി : 03/01/2001.

---------------------------------------------------------------------------------------

പരാമർശം : 1) ജി.ഒ(ആർ. ടി) 397/90/വനം, തീയതി : 12/09/90.
2) ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 16/06/94. 23/09/99 എന്നീ തീയതികളിലെ കത്തുകൾ

**ഉത്തരവ്**
=========

വാഴച്ചാൽ ഡിവിഷനിൽ ആനക്കയം ജലവൈദ്യുത പദ്ധതിക്കുവേണ്ടി പരാമർശ സർക്കാർ ഉത്തരവു പ്രകാരം ഇലക്ട്രിസിറ്റി ബോർഡിനു കൈമാറിയ 8 ഹെക്ടർ വനഭൂമിയിൽ നിൽക്കുന്ന മരങ്ങളെ സീനിയറേജ് നിരക്കിലമു വില വൈദ്യുതി ബോർഡ് അടച്ചിട്ടുണ്ടെന്നും ടി. മരങ്ങളിൽ കൂടുതലും എളുപ്പത്തിൽ നശിച്ചുപോകാവുന്ന വെള്ള മരങ്ങളായതിനാൽ ഡിപ്പാർട്ടുമെന്റലായി തടി ശേഖരിച്ച് വിൽപ്പന നടത്തുവാൻ സാധിക്കുകയില്ലെന്നും ആയതിനാൽ അവ അടച്ചുവിൽപ്പന നടത്തുന്നതിനുള്ള അനുവാദം നൽകണമെന്നും പരാമർശ കത്തിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആവശ്യപ്പെടുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആനക്കയം ജലവൈദ്യുതപദ്ധതി സ്ഥലം കൈമാറാൻ കേന്ദ്രാനുമതി ലഭ്യമായിട്ടുള്ളതിനാൽ ആ സ്ഥലത്തുനിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രിംകോടതിയുടെ 12/12/96-ലെ ഇടക്കാല ഉത്തരവു പ്രകാരം അനുവദനീയമാണെന്ന് കണ്ടതിനാൽ വാഴച്ചാൽ ഡിവിഷനിൽ ആനക്കയം ജലവൈദ്യുത പദ്ധതിക്കുവേണ്ടി ഇലക്ട്രിസിറ്റി ബോർഡിന് കൈമാറിയ 8 ഹെക്ടർ വനഭൂമിയിൽ നിൽക്കുന്ന മരങ്ങൾ അടച്ചുവിൽപ്പന നടത്തുന്നതിന് അനുവദിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
വി സൂസമ്മ
അണ്ടർ സെക്രട്ടറി.

1) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം.
2) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ വാഴച്ചാൽ തൃശൂർ.
3) അക്കൗണ്ടന്റ് ജനറൽ(A&E), തിരുവനന്തപുരം
4) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.